"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് — തദ്ദേശഭരണസ്ഥാപനങ്ങളുടെ 2024-25 വാർഷിക പദ്ധതി — റോഡ് മെയിന്റനൻസ് ഫണ്ട് ഇനത്തിൽ വിതരണം ചെയ്ത തുകയ്ക്ക് അനുസൃതമായി പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനും വാർഷിക പദ്ധതി പരിഷ്കരിക്കുന്നതിനുമുള്ള സമയപരിധി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്**

സ.ഉ.(സാധാ) നം.100/2025/LSGD തീയതി,തിരുവനന്തപുരം, 10-01-2025

പരാമർശം:- 1. സ.ഉ.(സാധാ) നം.2513/2024/തസ്വഭവ; തീയതി 20.12.2024

**ഉത്തരവ്**

2024-25 സാമ്പത്തിക വർഷം മെയിന്റനൻസ് ഫണ്ട് ഇനത്തിൽ വിതരണം ചെയ്ത തുകയ്ക്ക് അനുസൃതമായി റോഡ് മെയിന്റനൻസ് ഫണ്ട് പ്രോജക്ടുകളുടെ അടങ്കൽ തുക ക്രമീകരിക്കുന്നതിനും അതിനായി വാർഷികപദ്ധതി പരിഷ്കരിക്കുന്നതിനും പരാമർശിത ഉത്തരവ് പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിരുന്നു. അതുപ്രകാരം വാർഷികപദ്ധതി ഭേദഗതി ചെയ്ത് 2025 ജനുവരി 4-നകം ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കണമെന്നാണ് നിർദ്ദേശം നൽകിയിരുന്നത്. എന്നാൽ ഈ തീയതിയ്ക്കകം വാർഷിക പദ്ധതി ഭേദഗതി ചെയ്ത് സമർപ്പിക്കാൻ കഴിഞ്ഞിട്ടില്ലെന്നും തീയതി ദീർഘിപ്പിക്കണമെന്നും നിരവധി തദ്ദേശഭരണസ്ഥാപനങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്.

2. സർക്കാർ ഈ വിഷയം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2024-25 വാർഷിക പദ്ധതി, പരാമർശിത ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഭേദഗതി ചെയ്ത് ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിക്കുന്നതിനുള്ള സമയപരിധി **2025 ജനുവരി 17** വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

3. റോഡ് മെയിന്റനൻസ് ഫണ്ടിന്റെ കാര്യത്തിൽ ലഭ്യമായ വിഹിതത്തിൽ മാറ്റമുണ്ടായ സാഹചര്യത്തിൽ എല്ലാ ഗ്രാമ/ജില്ലാ പഞ്ചായത്തുകളും നഗരഭരണസ്ഥാപനങ്ങളും നിർബന്ധമായും വാർഷികപദ്ധതി പരിഷ്കരിക്കുന്നുവെന്ന് ജില്ലാ ആസൂത്രണസമിതികൾ ഉറപ്പാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MANOJ T

ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും

4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
8. തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടർ, റൂറൽ
9. തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടർ, അർബൻ
10. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
11. ചീഫ് ടൗൺ പ്ലാനർ
12. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
13. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
14. എല്ലാ ജില്ലാ കളക്ടർമാർക്കും
15. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
16. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശ സ്വയംഭരണ വകുപ്പ്)
17. എല്ലാ ജില്ലാ ടൗൺ പ്ലാനർമാർക്കും
18. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
19. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
20. ഡയറക്ടർ ജനറൽ, കില
21. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
22. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
23. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
24. തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്
25. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Manju L S
Date: 10-01-2025 12:30:38

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്